

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 21 No. 10 - 11 Newsletter October-November 2023



കർത്താവോ വിശ്വസ്തൻ;
അവൻ നിഗ്ഗ ളെ ഉറപ്പിച്ചു ദുഷ്ടന്റെ കരീന്നു
അകപ്പെടാതവണ്ണം കാത്തുകൊള്ളും.
2 തെസ്സലൊനീക്യർ 3:3

# MM CHURCH ANNUAL GOSPEL CONVENTION















## CHURCH VOICE

21st year of publication

**OCT - NOV 2023**

**EDITORIAL BOARD**

**EDITOR**

Mrs. Valsa D. S.

**SUB EDITOR**

Er. Ceragil Austin Prince

**MEMBERS**

Er. D. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A.
Dr. Oliver Robertson G.
Dr. Thilaga Samson



**ADDRESS**

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570



Church Voice can be read online at our website

www.mateermemorialchurch.com


**PRINTED AT**

**GRACE PRINTERS**
**Muttada. Ph: 9447059891**


# CSI MATEER MEMORIAL CHURCH


### Regular Weekly Programme

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Tamil Service | 07:15am |
| | Choir Practice | 08.30am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Mon | Vestry Prayer | 05.00pm |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



**LETTER FROM PRESBYTER**

# പ്ലാറ്റിനം ജൂബിലി വരെ...11



**Rev. Dr. L. E. Sahanam**

**സഭൈക്യവും ദക്ഷിണേന്ത്യാസഭയും**

സഭൈക്യത്തെക്കുറിച്ച് വളരെ ആവേശത്തോടെ സംസാരിച്ചു തുടങ്ങിയത് പാശ്ചാത്യ ലോകത്തിലാണെങ്കിലും അത് യഥാർത്ഥ്യ മാക്കുന്നതിനവർക്ക് സാധിച്ചില്ല. യൂറോപ്പിലെ രാഷ്ട്രീയ സാഹചര്യവും സഭാ വിഭാഗങ്ങൾ തമ്മിലുള്ള കിടമത്സരവും വേദശാസ്ത്ര വിഷയങ്ങളിലെ തീവ്രനിലപാടുകളും സാമ്പത്തിക ധാരാളിത്തവും ഒരു സഭയായി രൂപപ്പെടുന്നതിനു തടസ്സമായിരുന്നു. അമേരിക്കയിലെ അവസ്ഥയും വ്യത്യസ്ഥമായിരുന്നില്ല.

ലോകത്തിലാദ്യം സഭൈക്യം നിലവിൽവന്നത് ദക്ഷിണേന്ത്യ യിലാണ്. 1948-ൽ അഖില ലോകസഭാകൗൺസിൽ നിലവിൽ വരുന്നതിനുമുമ്പ് 1947-ൽ തന്നെ ദക്ഷിണേന്ത്യാസഭ (CSI) രൂപം പ്രാപിച്ചു. ഇവിടെ പ്രവർത്തിച്ചിരുന്ന മിഷനറിമാരുടെയും തദ്ദേശ നേതാക്കന്മാരുടെയും പ്രാർത്ഥനയോടും ക്ഷമയോടുംകൂടിയ പരിശ്രമം കൊണ്ടും പലവിഷയങ്ങളിലും അവർ സ്വീകരിച്ച വിട്ടുവീഴ്ചാ മനോഭാവംകൊണ്ടും മാത്രമാണത് സാധ്യമായത്. ഇന്ത്യയിലെ അന്നത്തെ രാഷ്ട്രീയ സാഹചര്യമായിരുന്നു അതിനു പ്രേരകമായ മറ്റൊരു പ്രധാനഘടകം.

ഇന്ത്യയിലെ സഭൈക്യത്തിന്റെ ആരംഭം കുറിക്കുന്നത് ദക്ഷിണേന്ത്യയിലെ രണ്ട് പ്രബല പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങളായ കോൺഗ്രിഗേഷണൽ പാരമ്പര്യക്കാരായ എൽ. എം. എസ്. സഭകളും പ്രെസ്ബിറ്റീരിയൻ സഭകളും ഒരുമിച്ച് ചേർന്ന് 1908 ജൂലൈ 25-ാം തീയതി സൗത്ത് ഇന്ത്യാ യുണൈറ്റഡ് ചർച്ച് (SIUC) എന്ന പേരിൽ ഒരു സഭയായി തീരുന്നതിലൂടെയാണ്.

എസ്. ഐ. യു. സി. യുടെ രൂപവത്ക്കരണം മറ്റു സഭകളെയും ഐക്യത്തിനുവേണ്ടി ചിന്തിക്കുന്നതിന് പ്രചോദിപ്പിച്ചു. ഐക്യചർച്ച കളുടെ പ്രധാനശില്പികൾ എൽ. എം. എസ്. മിഷനറിമാരായിരുന്നു.

അതിനു മുന്നോടിയായി ബാംഗ്ലൂർ കൺടോൺമെന്റ് റെയിൽവേ സ്റ്റേഷനുസമീപം തങ്ങളുടെ കൈവശമുണ്ടായിരുന്ന വിശാലമായ സ്ഥലം ഒരു ഐക്യസെമിനാരിസ്ഥാപിക്കുന്നതിന് വിട്ടുകൊടുത്തു. എൽ എം. എസിന്റെ നേതൃത്വത്തിൽ ആംഗ്ലിക്കൻ, മെഥഡിസ്റ്റ് സഭ കളുടെ പങ്കാളിത്തത്തോടെ 1910-ൽ ആരംഭിച്ച് യുണൈറ്റഡ് തിയോള ജിക്കൽ കോളേജ് (U.T.C.) അതിന്റെ ഫലമാണ്. പില്കാലത്ത് അനേക ക്രൈസ്തവ ഐക്യചർച്ചകൾക്ക് വേദിയായതും യു. ടി. സി. തന്നെ. മറ്റൊരു ക്രൈസ്തവ ഐക്യ പ്രസ്ഥാനമാണ് ഈ കാലയളവിൽ രൂപംകൊണ്ട ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ. ഇത്തരം പല ക്രൈസ്തവ ഐക്യസംരംഭങ്ങളുടെ സാന്നിദ്ധ്യം സഭാവിഭാഗങ്ങൾ ഒരുമിച്ചു വരേണ്ടുന്നതിന്റെ ആവശ്യം വെളിവാക്കുന്നതാണ്.

ഒരേസ്ഥലത്ത് പല മിഷണറി സമൂഹങ്ങൾ പ്രവർത്തിക്കുന്നത് മൂലമുണ്ടാകുന്ന മത്സരങ്ങളും സംഘർഷങ്ങളും ഒഴിവാക്കുന്നതിനും സഭൈക്യത്തെക്കുറിച്ച് ചിന്തിക്കുന്നതിന് മിഷനറിമാരെ പ്രേരിപ്പിച്ചു. (കോമിറ്റി അറേഞ്ച്മെന്റ് പ്രകാരം പ്രത്യേക പ്രവർത്തനമേഖല വേർതിരിച്ച കേരളം പോലുള്ള പ്രദേശങ്ങളിൽ ഇത്തരം മത്സരം ഉണ്ടായില്ല). ബാംഗ്ലൂർ, മദ്രാസ് തുടങ്ങിയ വലിയ നഗരങ്ങളിൽ മിക്കവാറും എല്ലാ മിഷനറി സംഘങ്ങൾക്കും പ്രവർത്തനകേന്ദ്രങ്ങൾ ഉണ്ടായിരുന്നതിനാൽ 'പരസ്പരം ആളെപ്പിടിക്കുന്ന പ്രവണത' (Sheep stealing) ഏറെയായിരുന്നു.

ഒന്നാം ലോകമഹായുദ്ധത്തോടുകൂടി മിക്കവാറും എല്ലാ മിഷനറി സമൂഹങ്ങളും സാമ്പത്തിക ഞെരുക്കം അനുഭവിച്ചു തുടങ്ങി. മിഷൻ പ്രദേശങ്ങളിൽ ചെലവാക്കുന്നതിന് മതിയായ ധനം ലഭിക്കാത്ത അവസ്ഥയും സംജാതമായി.

തികച്ചും അനൗദ്യോഗിക ചർച്ചകളിലൂടെയാണ് സഭൈക്യ പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചത്. എസ്. ഐ. യു. സി.യുടെ രൂപവത്ക്കരണവും അഥിന്റെ വിജയവും ഐക്യചർച്ചകൾക്കാവേശം പകർന്നു. ഇന്ത്യയുടെ സുവിശേഷീകരണം മുഖ്യദർശനമായിക്കണ്ട ചില മിഷനറിമാരും തദ്ദേശീയ, പട്ടക്കാരും ഒരുമനസ്സോടെ അത് അറിയിക്കുന്നതിന് ഇവാഞ്ചലിസ്റ്റിക്ക് ഫോർവേർഡ് മൂവ്മെന്റ് (Evangelistic Forward Movement) എന്നൊരു പ്രസ്ഥാനത്തിന് രൂപം നല്കി. (എസ്. ഐ. യു. സി. പട്ടക്കാർക്കൊപ്പം ആംഗ്ലിക്കൻ, മെഥഡിസ്റ്റ്, മർത്തോമ്മാ) എന്നീ വിവിധ സഭകളിലെ പട്ടക്കാർ അതിൽ

അംഗങ്ങളായിരുന്നു. സഭാ വ്യത്യാസം മറന്ന് യേശുവിലൂടെയുള്ള രക്ഷാദൗത്യം നൽകുക മാത്രമായിരുന്നു അവരുടെ ലക്ഷ്യം. വർഷത്തിലൊരിക്കൽ സമാനചിന്താഗതിക്കാരായ പട്ടക്കാർ ഒരുമിച്ച് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും പരസ്പരം ശക്തിപ്പെടുത്തുമായിരുന്നു. അത്തരം ഒരു കൂടിവരവിലാണ് സഭൈക്യചർച്ചകൾ നാമ്പിടുന്നത്.

1918 മെയ് 1, 2 തീയതികളിൽ തമിഴ് നാട്ടിലെ തരംഗം പാടിയിൽ (Tranqubar) വച്ച് നടത്തപ്പെട്ട ഇവാഞ്ചലിസ്റ്റിക്ക് ഫോർവേർഡ് മൂവ്മെന്റ് (EFM) യോഗത്തോടനുബന്ധിച്ചാണ് സഭൈകൃചർച്ചകൾ ആരംഭിക്കുന്നത്. അന്ന് എസ്. ഐ. യു. സി. ആംഗ്ലിക്കൻ, മെഥഡിസ്റ്റ്, ലൂഥറൻ, മർത്തോമ്മാ എന്നീ സഭകളിലെ പട്ടക്കാർ സന്നിഹിതരായിരുന്നു. അവിടെ നടന്ന ചർച്ചകളിലൂടെ ഐക്യത്തെ സംബന്ധിക്കുന്ന ചില പ്രധാന ചോദ്യങ്ങൾ ഉരുത്തിരിഞ്ഞുവന്നു.

1. ഓരോ സഭാവിഭാഗത്തിന്റെയും വിശ്വാസപരമായ പഠിപ്പിക്കലുകളുടെയും (Religious teachings) ആചാരാനുഷ്ഠാനങ്ങളിലെയും (Rituals) തനതായ രീതികൾ എന്തൊക്കെയാണ്.
2. ഐക്യസഭ നിലവിൽ വന്നാൽ തങ്ങളുടെ കാതലായ പാരമ്പര്യങ്ങൾ നിലനിറുത്തിക്കൊണ്ട് സഭയുടെ പൂർണ്ണതക്കായി എന്ത് സംഭാവന നൽകുന്നതിനും സാധിക്കും.
3. ഓരോ സഭാവിഭാഗത്തിനും തങ്ങളുടെ സ്വത്വത്തിന് (Identity) കോട്ടം വരാതെ എന്തൊക്കെ ഉപേക്ഷിക്കുന്നതിന് സാധിക്കും.
4. ഐക്യത്തിനു പുറത്തുള്ള സഭകളോട് ഓരോ സഭയുടെയും മനോഭാവം എന്തായിരിക്കും.

ഈ ചോദ്യങ്ങളെ അടിസ്ഥാനപ്പെടുത്തി രണ്ടു ദിവസം നടന്ന ചർച്ചകൾക്കൊടുവിൽ ഇപ്രകാരം ഒരു സംയുക്ത പ്രസ്ഥാവന അവർ രേഖപ്പെടുത്തി.

a) കഴിഞ്ഞ കാലങ്ങലിൽ സഭയിൽ സംഭവിച്ച ഭിന്നിപ്പുകൾ ഓർത്ത് ഞങ്ങൾ ദുഃഖിക്കുന്നു.

b) കർത്താവിന്റെ ശരീരമാകുന്ന സഭയുടെ പ്രത്യക്ഷമായ ഐക്യം (visible unity) ഞങ്ങൾ ആഗ്രഹിക്കുന്നു.

c) ലോകജനതയുടെ 1/5 ൽ ഒരുഭാഗം വരുന്ന ഇന്ത്യയിലെ ജനങ്ങളെ ക്രിസ്തുവിനായി നേടേണ്ടിയിരിക്കുന്നു.

d) നമ്മൾ സൃഷ്ടിക്കാത്തതും, നമ്മുടെതല്ലാത്ത കാരണങ്ങളാൽ നമ്മുടെ മേൽ അടിച്ചേല്പിക്കപ്പെട്ടതുമായ ഈ ഭിന്നിപ്പിന്റെ ഭാരം താങ്ങുന്നതിനുള്ള ശേഷി ഇന്ത്യൻ സഭയ്ക്കില്ല.

അതിനാൽ ഇന്ത്യയിൽ ഒരൈക്യസഭ നിലവിൽ വരേണ്ടത് അത്യാവശ്യമാണ്. അങ്ങനെ ഒരൈക്യസഭ നിലവിൽ വരുമ്പോൾ അത് വേദപുസ്തകത്തിലടിസ്ഥാനപ്പെട്ടതും ഐക്യത്തിലേർപ്പെടുന്ന സഭകൾ മുറുകെപ്പിടിച്ചിരിക്കുന്ന മൂന്നു പ്രധാന ഘടകങ്ങൾ ഉൾപ്പെടുന്നതുമായിരിക്കണമെന്നും സമ്മേളനാനന്തരം പുറത്തിറക്കിയ സംയുക്ത പ്രസ്ഥാവനയിൽ അവർ വ്യക്തമാക്കി.

**മൂന്നു പ്രധാന ഘടകങ്ങൾ**

1. ഓരോ വിശ്വാസിയും ദൈവവുമായി നേരിട്ട് ബന്ധം പുലർത്തുന്നു. അവർക്ക് ദൈവവുമായി ബന്ധപ്പെടുന്നതിന് യേശുക്രിസ്തു അല്ലാതെ മറ്റൊരു മദ്ധ്യസ്ഥന്റെ ആവശ്യമില്ല. ആത്മീയ കാര്യങ്ങളിൽ സ്ഥാനവ്യത്യാസമില്ലാതെ എല്ലാ വിശ്വാസികളും സമന്മാരാണ്. അതായത് വിശ്വാസികളുടെ രാജകീയ പൗരോഹിത്യം. ഇതാണ് കോൺഗ്രിഗേഷണൽ സഭകളുടെ വിശ്വാസത്തിന്റെ അടിത്തറ. (The congregational element)

2. വിവിധ വിശ്വാസസമൂഹങ്ങൾ നിയോഗിക്കുന്ന പ്രതിനിധികളുടെ ഒരു പൊതു സഭയായിരിക്കണം സഭയുടെ ഭരണകാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കേണ്ടത് (The presbyterian element)

3. വിവിധ സഭകളെ യോജിപ്പിച്ചു നിറുത്തുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന ഒരു ബിഷപ്പ് ഉണ്ടായിരിക്കണം. (The Anglican element) അവരുടെ പ്രസ്ഥാവനയിൽ അനുയോജ്യമായ രീതിയിൽ ഒരു ബിഷപ്പ് (Episcopy in a suitable form) എന്ന് മാത്രം പറഞ്ഞു വച്ചു. പക്ഷെ അതെങ്ങനെയായിരിക്കണം എന്ന് വിശദീകരിക്കുന്നതിനവർക്ക് സാധിച്ചില്ല.

ഈ മൂന്നു ഘടകങ്ങളും സമന്വയിച്ചാൽ മാത്രമേ ഐക്യ സഭയായി രൂപപ്പെടുന്നതിന് സാധിക്കുകയുള്ളൂ. ഏതെങ്കിലും ഒന്നിന്റെ അഭാവം മറ്റുള്ളവയെ അപൂർണ്ണമാക്കും (No one is sufficient without the other). എപ്പ്സ്കോപ്പസി എങ്ങനെയായിരിക്കണമെന്നു നിർവചിക്കാനായില്ലെങ്കിലും ഈ മൂന്നു ഘടകങ്ങളും ഉൾപ്പെടുത്തണമെന്ന പൊതു ധാരണയുടെ അടിസ്ഥാനത്തിൽ ഐക്യ ചർച്ചകളുടെ പ്രാരംഭ ഘട്ടത്തിൽതന്നെ 4 കാര്യങ്ങൾകൂടെ എല്ലാവരും അംഗീകരിച്ചു.

1. 66 പുസ്തകങ്ങൾ ഉൾപ്പെടുന്ന പഴയനിയമവും പുതിയനിയമവും അടങ്ങിയ വേദപുസ്തകത്തിൽ മനുഷ്യന്റെ രക്ഷക്ക് ആവശ്യമായ എല്ലാ ഘടകങ്ങളും ഉണ്ട്.

2. അപ്പോസ്തലവിശ്വാസപ്രമാണവും, നിഖ്യാവിശ്വാസപ്രമാണവും സഭയുടെ വിശ്വാസപ്രമാണങ്ങളായി അംഗീകരിക്കുന്നു.

3. സ്നാനവും (ശിശുസ്നാനവും, മുതിർന്ന സ്നാനവും) സഭയുടെ രണ്ട് വിശുദ്ധകർമ്മങ്ങളായി (sacraments) അംഗീകരിക്കുന്നു.

4. തദ്ദേശീയമായി അനുസൃതമാക്കപ്പെട്ട ചരിത്രപരമായ മേൽ പട്ടത്വ ശുശ്രൂഷ (Historical episcopate locally adapted) സഭ സ്വീകരിക്കുന്നു. ആദ്യത്തെ മൂന്നു വിഷയങ്ങളിലും നല്ല വ്യക്തിതയുണ്ടായിരുന്നെങ്കിലും മേൽ പട്ടത്വശുശ്രൂഷയെ (Bishop)ക്കുറിച്ചുള്ള അവ്യക്തതയും വിവാദങ്ങളും തുടർന്നുകൊണ്ടേയിരുന്നു. തികച്ചും അനൗപചാരികമായ കൂടിവരവിലൂടെയാണ്. സഭൈക്യചർച്ചകൾ ആരംഭിച്ചതെങ്കിലും തുടർന്നുള്ള ചർച്ചകൾക്കും പഠനങ്ങൾക്കും തീരുമാനങ്ങൾക്കും അത് അടിത്തറപാകി.



## പ്രതിവാര ധ്യാനം

**നവംബർ 5**

**അഖിലലോക സൺഡേ സ്കൂൾ ദിനം**

സദൃ. 23:15-26, സങ്കീ. 127, എഫെ. 6:10-18, മത്തായി. 18:1-6

**നവംബർ 12**

**ഐക്യ ഞായർ - കളിമൺ പാത്രങ്ങളിലെ നിധികൾ**

മീഖാ. 6:1-8, സങ്കീ. 106:1-12, 2 കൊരി. 4:7-15, മർക്കൊ. 4:26-29

**നവംബർ 19**

**പെൺകുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതമാക്കുക**

2 രാജാ. 5:1-5, സങ്കീ.8, അപ്പോ. 12:11-17, മർക്കൊ. 5:21-24, 35-43

**നവംബർ 26**

**കർത്താവിന്റെ വരവിനായി ഒരുങ്ങുക**

ഹോശേ. 10:12-15, സങ്കീ. 37:1-24, കൊലൊ. 4:1-6, ലൂക്കൊ. 12:35-40



# REPORT OF ACTIVITIES

Dear friends in Christ,

Greetings in the matchless name of our Lord and Saviour Jesus Christ.

I am privileged to report the activities during the month of September and October 2023.

By the grace of God Almighty, worship services were conducted on all Sundays. Tamil services at 7:15am were led by Rev. Thapasi Das and Rev. Oliver Stanley. Ms.Ardra V. M., Mr. Donald Lal, Rev. Anvin Paul, Mr. L. J. Padmakumar, Rev. Dr. R. Gnanadas, Rev. Ajilal, Adv. Henry Thomas, Mrs. Premula Morris and Mr. Biju Nedumpuram gave sermons in Malayalam service, which was held at 9:00 am.

Fasting prayer was conducted on second Saturdays from 10 am onwards. Worship and songs were led by CEYF and sermon was delivered by Rev. Crispin Baju and Rev. Shem Japadas. Many members of our church led the intercession prayer.

Circle prayers were arranged on all Fridays. Circle prayers were conducted at the residences of Sri. Ashish Zachariah, Sri. Edward John, Sri. Samuel Manoj Kumar Joseph and Sri. Justin Manfred.

Online prayer from 8:00 pm to 9:00 pm on all days, except Sunday and intercession prayer on Sundays, from 12:00 noon to 1:00 pm are going on with good attendance. Vestry prayer was held on all Mondays, from 5:00 pm to 6:00 pm, led by Rev. Dr. L. E. Sahanam and Prof. Raja Prasad.

General body meeting of Mateer Memorial Church and MMCCF was held on Sunday, 10th September 2023.

Annual Gospel Convention of our church was held from 27th to 29th October 2023. Bro. Biju Nedumpuram was the speaker for the convention. Songs were led by our church choir.

Activities of all sub-organizations went on well. Youth Week was organised from 3rd to 10th September 2023. Youth Sunday was observed on 3rd September. Youth convention was conducted from 8th to 10th September and Bro. Jay Dharan shared the Word of God. CEYF conducted Teens Camp from 22nd to 24th October. 36 children from our church participated in the camp. Mr. Bensic Miranda and team took the main sessions. Sunday School Arts Fest was held on 14th October 2023 and majority of Sunday school students participated and showcased their talents. Sunday School Teachers, Retreat was organised at Club Mahindra Resort, Poovar on 24th October 2023.

Women's Fellowship organised a sports competition for their members on 24th September 2023. Members of WomensFellowship visited Kanyakumari for their Annual Retreat on 2nd October 2023. Family week was organised by Women's Fellowship from 15th to 23rd October. Fancy sale was conducted on 15th October 2023. Members of Women's fellowship visited Sancta Maria Old Age Home on 21st October 2023 and spent time with the inmates there. Family Sunday was observed on 22nd October 2023 and Tamil and Malayalam services were led by members of Women's Fellowship. An outreach program by our Junior Choir was held at Lekshmipuram CSI Church, Colachel on 29th October 2023.

The Managing Committee of MMCCF met on 24th September and 15th October 2023 at 2:00 pm in the Johnson Hall for routine discussions and passed the accounts for the month of August and September.

Our efforts to regain the possession of MM church campus are progressing. I take this opportunity to thank all who are rendering their support to make all activities successful and acceptable to our God Almighty. Let's continue to pray and work together in unity.

**Adv. Sarjine Thomas**

# ആദിമ നൂറ്റാണ്ടിലെ ഭവന സഭാരാധനയുടെ സൗരഭ്യം



ഡോ. ക്രിസ്റ്റെൻസൺ ഈ. സാരസം

ക്രിസ്തീയ ആരാധന സംവിധാനങ്ങൾക്കും ചിട്ടകൾക്കും ക്രമീകരണങ്ങൾക്കും പലതരം മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. മഹാമാരിയാലുള്ള ആഗോള-ആരോഗ്യ തകർച്ച മുൻകാലങ്ങലിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥകളെ തകിടം മറിച്ചിരിക്കുന്നു. ഹോട്ട് സ്പോട്ടും, കൺറൈൻമെന്റ് സോണും, ലോക്ക് ഡൌണും, ട്രിപ്പിൾ ലോക്ക് ഡൌണും എല്ലാം നാം പിന്നിട്ടിരിക്കുന്നു. ഇത് ഇരുളും ഇടുക്കവും ഉള്ള ഒരു പാതയിലെ യാത്ര തന്നെ. മറ്റൊന്നിനും നിർവാഹമില്ലാതെ, ചുരുങ്ങിയ കാലയളവിനുള്ളിൽ മനുഷ്യനും സംവിധാനങ്ങളും ഒട്ടനവധി മേഖലകളിൽ മാറുകയും ചെയ്തിരിക്കുന്നു. യുഗങ്ങളായി ആരാധനാജീവിതത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഉള്ള പങ്ക് തള്ളിക്കളയാനാവില്ല. പക്ഷേ, കാലാന്തരത്തിൽ അത് വെറും ആവർത്തനം മാത്രമായി പരിണമിക്കരുത്. ഇത്രയും കാലം അനുഷ്ഠാനങ്ങൾക്ക് വേണ്ടിമാത്രം അനുഷ്ഠാനങ്ങൾ ആചരിച്ചിരുന്നുവോ എന്നു നാം നമ്മോടുതന്നെ ചോദിക്കേണ്ടതായിട്ടുണ്ട്.

അനുദിനജീവിതത്തിൽ നിർബന്ധിത വർജനവും കടുത്ത നിയന്ത്രണവും അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്ന ഇന്നതെ സാഹചര്യത്തിൽ, നമ്മുടെ വിശ്വാസത്തിലും ആരാധനയിലും മൂല്യച്യുതി വരാതെ സൂക്ഷിക്കേണ്ടത് അത്യാവശ്യംതന്നെ. ശരീരത്തെയും മനസ്സി നേയും അടിമപ്പെടുത്തുന്നവയും മലിനപ്പെടുത്തുന്നവയും തിരിച്ച റിഞ്ഞു അവയിൽ നിന്നും അകലം പാലിക്കാൻ നാം ശ്രമിക്കുമ്പോൾ നമ്മുടെ ഇന്ദ്രിയങ്ങളിൻമേലുള്ള നിയന്ത്രണമാണ് നാം ആർജിച്ചെ ടുക്കുന്നത്. കേവലം അനുഷ്ഠാനങ്ങൾക്കപ്പുറത്ത് ആത്മ നൊംബര ങ്ങളുടെ കുരിശും പേറി ക്രിസ്തുദർശനത്തിന്റെ പൊരുൾ കണ്ടെത്താ നുള്ള ശിക്ഷണം അഭ്യസിക്കാനുള്ള വേളയായി ഈ കാലഘട്ടം നമുക്ക് ഉതകട്ടെ. പ്രദർശനപരതയിൽ വീണുപോകാതിരിക്കാൻ നാം മനപ്പൂർവമായി തീരുമാനമെടുക്കണം. നന്മയും നീതിയും സ്നേഹവും ത്യാഗവും കരുണയും വിനയവും വിളങ്ങുന്ന തുടർ ജീവിതത്തിനായി

മനസ്സ് പവിത്രീകരിക്കുകയാണ് ഇന്നിന്റെ ആവശ്യം. പൊതുസ്ഥല ങ്ങളെവിട്ടു ഭവനത്തിൽ കുടുംബാംഗങ്ങളോടുകൂടെ ആരാധനയിൽ പങ്കെടുക്കുമ്പോൾ, കപടഭക്തിക്കാരെപ്പോലെ പ്രാർത്ഥിക്കാൻ നമുക്ക് ആവില്ലല്ലോ. അതിഭാഷണവും ആവശ്യമില്ല. നമ്മെ നന്നേ അറിയുന്ന ചെറിയ സമൂഹത്തോട് ചേർന്ന് നിന്നാണല്ലോ ഭവന ആരാധന നടത്ത പ്പെടുന്നത്. ദൈവത്തിനു പ്രസാദകരമായി, കാപട്യമില്ലാതെ തിരു സന്നിധിയിൽ ഇത്തിരി നേരം ആത്മാർദ്ധമായി പ്രാർത്ഥിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ കൊള്ളായിരുന്നു.

**ആദിമനൂറ്റാണ്ടിൽ, ഭവനം പ്രഥമ ആരാധനാകേന്ദ്രമായിരുന്നു. ആത്മീക ജീവിതത്തിനു അടിത്തറ പാകപ്പെട്ടത് ഭവനാന്തരീക്ഷ ത്തിലാണ്.**

ഭവനത്തിലേക്ക് അവർ യേശുവിനെ ക്ഷണിച്ചു. അവർ മേശ യൊരുക്കി. യേശു അവരോടൊപ്പം ഇരുന്നു. അവരുമായി ഭക്ഷണത്തിന് ഇരിക്കുമ്പോൾ, യേശു അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവർക്ക് കൊടുത്തു. ഉടനെ അവരുടെ കണ്ണുതുറന്നു (ലൂക്കോസ് 24:30,31).

ഇവിടെ പ്രസക്തമായ നാല് ചോദ്യങ്ങൾ നമുക്ക് നമ്മോടുതന്നെ ചോദിക്കാം.

**(1) നമ്മുടെ ഭവനത്തിലേക്ക് നാം യേശുവിനെ ക്ഷണിക്കാറുണ്ടോ?**
**(2) യേശു നമ്മോടൊപ്പം ഇരിക്കുന്നു എന്നു ഉറപ്പുണ്ടോ?**
**(3) നമ്മുടെ ആരാധനയിൽ യേശുവിന് കേന്ദ്രസ്ഥാനമുണ്ടോ?**
**(4) നാം ഭവനത്തിൽ ഇരിക്കുമ്പോൾ നമ്മുടെ കണ്ണുകൾ തുറക്ക പ്പെടാറുണ്ടോ?**

അപ്ര. 2:46-ൽ 'ദൈവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ടു' എന്നു രേഖപ്പെടുത്തിയിരിക്കുന്നതിൽ, ദൈവാലയ ആരാധനക്കൊപ്പം വീട്ടിലെ കൂടിവരവുകളും കൂട്ടായ്മകളും, ആരാധ നക്കും പ്രാർത്ഥനക്കും വചന ധ്യാനത്തിനും ദാനധർമ്മ പ്രവർത്തന ങ്ങൾക്കും വിളനിലമായിരുന്നു എന്നു മനസ്സിലാക്കാം. ഇക്കാര്യം ആഴ്ച യിൽ ഒരിക്കൽ ചെയ്തിരുന്ന ഒരു കർമ്മപരിപാടിയല്ല. വിശ്വസിച്ചവർ എല്ലാവരും ഒരുമനപ്പെട്ടു ദിനംപ്രതി ദൈവത്തെ സ്തുതിച്ചു (അപ്ര. 2:44,47). ദിനംപ്രതി ദൈവാലയത്തിലും വീടുതോറും തിരുവചനം ഉപദേശിച്ചു (അപ്ര. 5:42).

തിരുവചനധ്യാനവും ഉപദേശവും അവർക്ക് ആത്മീക പരിരക്ഷ നൽകിവന്നു. ഉള്ളതുപോലെ എല്ലാവരുക്കും പങ്കിടുന്ന ശീലം അവർക്കുണ്ടായിരുന്നു (അപ്ര. 2:45). **ആദ്യ നൂറ്റാണ്ടിലെ വിശ്വാസ സമൂഹം സഭയുടെ എല്ലാ ചുമതലകളും കർത്തവ്യങ്ങളും ഭവന സഭാരാധനയിലൂടെ നിറവേറ്റി.** ഓരോ വ്യക്തിയും ഓരോ കുടുംബവും സത്യത്തിന് സാക്ഷ്യം വഹിച്ചു. ഇതിന് തക്കതായ നിഴൽ നാം പഴയ നിയമത്തിൽ കാണുന്നു. ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും (യോശുവ. 24:15).

ജീവന്റെ ഉറവിടമായ യേശു കർത്താവിന് നമ്മുടെ ജീവിതത്തിൽ എന്തു സ്ഥാനമാണ് നാം നൽകുന്നത്? ആരാധനയിലൂടെ നമ്മുടെ സർവവും നാം യേശുവിന് നല്കുമ്പോൾ യേശു അതിനെ വാഴ്ത്തി നുറുക്കി നമുക്ക് നല്കും. അപ്പോൾ നമ്മുടെ കണ്ണുകൾ തുറക്കപ്പെടും. നമ്മുടെ വിളിയും തിരഞ്ഞെടുപ്പും നാം മനസ്സിലാക്കും. നാം ആരെന്നു നാം തിരിച്ചറിയും. നമ്മുടെ താത്പര്യങ്ങൾക്കും ലക്ഷ്യത്തിനും മാറ്റമുണ്ടാകും. നമ്മുടെ പാപവും ശാപവും രോഗവും ക്രൂശിൽ വഹിച്ചു കാൽവരിയിൽ യാഗബലിയായി നമുക്ക് രക്ഷയും നിത്യജീവനും ദാനം ചെയ്ത യേശുവിനെ ധ്യാനിക്കുന്നതും, ദൈവം നടത്തിയ വഴികളെ ഓർത്തുകൊണ്ടും ഇന്ന് നടത്തുന്ന കൃപ അനുഭവിച്ചുകൊണ്ടും ഭാവിയുടെ പ്രത്യാശ മുന്നിൽ കണ്ടുകൊണ്ടും ദൈവത്തെ ഹൃദയംഗമായി സ്തുതിക്കുന്നതല്ലേ സത്യാരാധനയും നമസ്ക്കാരവും? തിരുവചന ധ്യാനത്തിലൂടെ കുടുംബാംഗങ്ങൾക്ക് അവരവരുടെ സ്വയത്തെ കണ്ടെത്താൻ കഴിയും. അങ്ങനെ നമ്മെക്കുറിച്ചുള്ള ദൈവ ഹിതം ലോകത്തിൽ നിർവഹിക്കുവാൻ നാം ഒരുക്കമുള്ളവരാകും. ദൈവത്തെ വ്യക്തിപരമായി അറിയാതെ, സ്വയത്തെ അറിയുക സാധ്യ മല്ല. സ്വയത്തെ അറിയാതെ ദൈവത്തെ അറിയുന്നതും അസാധ്യമാണ്.

ഇത്രയും കാലം നാം അനുവർത്തിച്ചിരുന്ന ആരാധന സമ്പ്രദായ ത്തിൽ എന്തൊക്കെ ചേരുവകകളുണ്ടായിരുന്നു? പ്രൌഢഗംഭീരമായ ആലയമന്ദിരം, ആകർഷണീയമായ ഉൾച്ചുവരും, പ്രാഗല്ഭ്യമേറിയ കൊത്തുപണിയും അലങ്കാര വിളക്കുകളും, ഉച്ചഭാഷണിയുടെ ശബ്ദവും, ശീതീകരണ സംവിധാനങ്ങളും എന്നുവേണ്ട, സൗകര്യപ്രദമായ ഇരിപ്പിടങ്ങളും .... സ്വാർദ്ധതയുടെ അഭിരുചികൾ, സുന്ദര കാഴ്ചകൾ, ഗാനോപുകരണങ്ങളുടെ ധ്വനിമുഴക്കം, താലന്തുകളുടെ പ്രദർശനം, പരസ്പര സാമീപ്യം, ഹസ്തദാന സ്പർശനങ്ങൾ .... ഇവയെല്ലാം വർജിക്കേണ്ടിവന്നാലും ആരാധനക്ക് കോട്ടം സംഭവിക്കരുത്.

ശരീരത്തെയും മനസ്സിനേയും അശുദ്ധമാക്കുന്നതിൽ നിന്നെല്ലാം അകലം പാലിക്കണം. പശുവില്ലാതെ പാലും നെയ്യും, നെല്ലില്ലാതെ ബസുമതി അരിയും, കശുമാവില്ലാതെ കശുവണ്ടിയും, കടലില്ലാതെ ഉപ്പും, എന്തിന് കോഴിയില്ലാതെ മുട്ടയും വരെ നിർമിക്കുവാൻ സാധിക്കുന്ന സാങ്കേതിക വിദ്യ ഉള്ള ഇന്നത്തെ ലോകത്തിൽ ..... ആലയ ആരാധന സംവിധാനങ്ങളിലും മായം കലർന്നിരിക്കുന്ന ഒരു കാലഘട്ടമാണിത്. വ്യാജമായതിനോടെല്ലാം വിടപറയാൻ വൃത നിഷ്ട യോടുകൂടിയ മനക്കരുത്ത് നമുക്ക് ആവശ്യമാണ്.

കുടുംബ പ്രാർത്ഥനയും ആരാധനകളും പ്രാധാന്യം അർഹിക്കുന്നവയാണെന്ന് തിരിച്ചറിയണം. ഭക്തിയോടെ പ്രഭാത ത്തിലും പ്രദോഷ ത്തിലും പ്രാർത്ഥിച്ചിരുന്ന മാതാപിതാക്കൾ കുടുംബ ത്തിന്റെ ശക്തി സ്രോതസ്സായിരുന്നു. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്നു ആരാധിക്കുകയും പ്രാർത്ഥിക്കുകയും സംസാരിക്കുകയും ചെയ്തി രുന്ന കാലഘട്ടം പഴയ കാലത്തിന്റെ ഓർമയായി അവശേഷിക്കാതിരി ക്കാൻ ദൈവം നമുക്ക് നല്കിയിരിക്കുന്ന അവസരങ്ങളെ എല്ലാം ഇന്നിന്റെ കുടുംബ ബന്ധങ്ങളിലും മാതൃകയാക്കേണ്ടതാണ്. മത്തായി 25-ലെ അഞ്ചു കന്യകമാർ ഞങ്ങൾക്കും വിളക്കുണ്ട് എന്നു മറ്റുള്ളവരുടെ മുന്നിൽ പ്രദർശിപ്പിക്കുവാൻ മാത്രമുള്ള എണ്ണയാണ് കരുതിയിരുന്നത്. ഭവന സഭാരാധനയിൽ പങ്കെടുക്കുന്നവർ ഏറ്റവും അടുത്തറിയുന്ന കുടുംബാംഗങ്ങൾ എന്നിരിക്കെ കാപട്യവും നാട്യവും ഒന്നും വേണ്ടല്ലോ. പരിശുദ്ധാത്മാവാകുന്ന എണ്ണയുടെ ഒരു കവിഞ്ഞൊഴുക്ക് നമ്മിൽ ഇല്ലാതെപോയിരിക്കുന്നു. പുറമെ മാത്രം ആത്മീയത; അകമേ ശൂന്യത. മണവാളൻ വരാറായി. മണവാളൻ വന്നു കഴിഞ്ഞാൽ വാതിലുകൾ അടയ്ക്കപ്പെടും (മത്തായി 25:10). നമ്മുടെ ഭക്തി പ്രകടനം തിരസ്കരണത്തിന് കാരണമാകാതിരിക്കട്ടെ. ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നതിന് ഭവന സഭാരാധനകൾ മുഖാന്തരമായി ത്തീരണം. അപ്ര.10:2-ൽ കൊർന്നല്യൊസ് തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനായിരുന്നു എന്നു നാം കാണുന്നു. നല്ല പതിവുകൾ നഷ്ടപ്പെടാതെ തലമുറകളിലേക്ക് സന്നിവേശിപ്പിക്കാൻ നമുക്ക് കഴിയണം. വിശ്വാസ വ്യാപനത്തിന്റെയും, പങ്കുവെക്കലിന്റെയും, കൂട്ടായ്മയുടെയും അനുഭവവും അർത്ഥവത്തായ ജീവിത മാതൃകകളും ഭവന സഭാരാധനകളിലൂടെ ആദ്യനൂറ്റാണ്ടിലെന്നപോലെ ഇത്തരുണത്തിൽ നമ്മുടെ കുടുംബങ്ങളിൽ ദൈവം ദാനം ചെയ്യട്ടെ.

**പാട്ട്**



## നന്ദി... നന്ദി നാഥാ

**എസ്. ആർ. ചന്ദ്രിക ജയദാസ്**

യേശുവേ നന്ദി, നന്ദി നാഥാ,
നിൻ തിരുകൃപകൾക്കായ് നന്ദിയെന്നും
അർപ്പിക്കുന്നു ഞങ്ങൾ സ്തോത്രവും സ്തുതികളും...
ലോകൈകനാഥനാം യേശുനാഥാ.

അബ്ബാ പിതാവേ ആരാധനാ
നൽകിയ കൃപകൾക്കായ് നന്ദിയെന്നും (2)

വാഴ്ത്തുന്നു ഞങ്ങൾ വണങ്ങിടുന്നു,
കാരുണ്യവാനേ യേശുനാഥാ
അണയുന്നു ഞങ്ങൾ തിരുസവിധെ,
കുമ്പിടുന്നു അങ്ങേ ആരാധിക്കാം (അബ്ബാ പിതാവേ)

യേശുതൻ മക്കളെ സ്നേഹിക്കുന്നു,
തൻ സഭകളെയെല്ലാം സ്നേഹിക്കുന്നു.
കൈവിടാതെ നമ്മെ നടത്തിയല്ലോ?
തൻ തിരുകൃപകൾക്കായ് നന്ദിയെന്നും (അബ്ബാ പിതാവേ)

ലോകത്തിനു നൽകാൻ കഴിയാത്ത സ്നേഹം
നൽകുവാൻ കഴിവുള്ളോൻ യേശുമാത്രം.
യേശുവിൻ സ്നേഹത്തിൻ മുമ്പിലിതാ ഞങ്ങൾ
താണുവണങ്ങി നമിച്ചിടുന്നു. (അബ്ബാ പിതാവേ)

## Are We There Yet?

Is Jesus taking a very long time to answer your prayers? Are you beginning to think He didn't hear you? Or even worse, that He just doesn't care? Remember, God is not in a hurry. So there's no need to get upset. Trust Him and wait just a little bit longer. If you can learn to do that, His answer will always be right on time.



# മണ്ണിൽ വീണ് ഫലം കായ്ക്കുക

എൽ. ജെ. പത്മകുമാർ

പെസഹയ്ക്ക് 6 ദിവസം മുൻപ് ബഥാന്യയിൽ കർത്താവായ യേശു ക്രിസ്തു തന്റെ ശിഷ്യന്മാരുമായി വന്നു. യേശുവിനെയും യേശു ഉയിർപ്പിച്ച ലാസറിനെയും കാണുവാൻ യെഹൂദന്മാരും യവനൻമാരുമായി വലിയൊരു പുരുഷാരം അവിടെ തടിച്ചുകൂടിയിരുന്നു. കർത്താവ് അത്ഭുതപ്രവൃത്തികൾ ചെയ്യുമെന്നും അത് തങ്ങൾക്ക് നേരിട്ട് കാണാം എന്ന ആഗ്രഹത്തോടുകൂടിയാണ് അവർ വന്നുകൂടിയത്. എന്നാൽ കർത്താവ് അവിടെ അത്ഭുത പ്രവർത്തികൾ ഒന്നും ചെയ്തില്ല. പക്ഷേ ജനങ്ങളുമായി ആശയവിനിമയം നടത്തിക്കൊണ്ടിരുന്നു. അവരിൽ നിന്നും വന്ന ചോദ്യങ്ങൾക്ക് സ്വതസിദ്ധമായ ശൈലിയിൽ ആത്മീയത പൊതിഞ്ഞുള്ള ഉത്തരങ്ങൾ കർത്താവ് നൽകി. അതിനിടയിൽ കർത്താവ് അവരോടായി പറഞ്ഞു "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; ഗോതമ്പ് മണി നിലത്തുവീണ് ചാകുന്നില്ല എങ്കിൽ അത് തനിയെ ഇരിയ്ക്കും, ചത്തു എങ്കിലോ വളരെ വിളവുണ്ടാകും" (യോഹ. 12:24). ക്രിസ്തീയ ശിഷ്യത്വത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നാണ് ഈ വാക്യം.

ക്രിസ്തുവിന്റെ സ്നേഹത്താൽ ആകർഷിക്കപ്പെട്ട വ്യക്തി കർത്താവിങ്കലേയ്ക്കു വരുമ്പോൾ ആദ്യമായി പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുന്നു. അങ്ങനെ അവനിൽ ദൈവസ്നേഹം പകരപ്പെടുന്നു (റോമർ 8:23 & 5:5). നാം അനുഭവിക്കുന്നത് മാനുഷിക സ്നേഹമല്ല, ദൈവസ്നേഹമാണ്. മാനുഷിക സ്നേഹവും ദൈവീക സ്നേഹവും തമ്മിൽ താരതമ്യപ്പെടുത്തുവാൻ നമുക്കു കഴിയുകയില്ല. ഈ ദൈവ സ്നേഹത്താൽ നിറയപ്പെടുകയും പ്രചോദിപ്പിക്കപ്പെടുകയും ചെയ്യുന്ന വ്യക്തിക്ക് മറ്റ് എന്തിനെക്കാളും ഉപരിയായി തന്നെ സ്നേഹിച്ച് തനിക്കു വേണ്ടി ജീവൻ തന്ന കർത്താവിനെ സ്നേഹിക്കുവാൻ കഴിയണം. ആ വ്യക്തി സമ്പൂർണ്ണമായി യേശുവിനായി സമർപ്പിക്കണം. യേശുവിന്റെ വചനം അനുസരിക്കണം. യേശുവിനെ അനുഗമിക്കണം. യേശുവിനെ അനുകരിക്കണം. അങ്ങനെ ക്രിസ്തീയ ശിഷ്യത്വം ആ വ്യക്തിയിൽ ആരംഭിക്കുന്നു. ഇപ്പോൾ നാം വിശ്വാസികൾ ആകുന്നു. ഗോതമ്പ് മണിയുടെ ഉപമയിലൂടെ കർത്താവു നമ്മെ പഠിപ്പിക്കുന്നതും ശിഷ്യത്വത്തിന്റെ വിവിധ തലങ്ങൾ തന്നെയാണ്.

# Family Sunday

## Family Week Celebration by Women's Fellowship
















Visit to Sancta Maria Home for Aged



House visit



## Women's Fellowship Fancy Sale



## Women's Fellowship Retreat



## Sunday School Teachers Retreat



# youth week

## Youth Sunday









## Cottage Prayer





# Youth Convention















## GOAL 2023- Teens Camp by CEYF















## MM Church Junior Choir Outreach programme at Lekshmipuram CSI Church, Colachel




# *Congratulations*



**തിരുവനന്തപുരം വൈ.ഡബ്ല്യു.സി.എ. യുടെ**

**ട്രഷററായി നമ്മുടെ സഭാ അംഗമായ**

**Mrs. Promilla Christopher**

(Christopher Charles Raj IPS (Retd)

ന്റെ ഭാര്യയാണ്)

**തെരഞ്ഞെടുക്കപ്പെട്ടു.**




**IN EVER LOVING MEMORY OF OUR DEAR PARENTS**

They guided us to "learn to hold on God's hand not man's"



**Prof.Dr.S DAVID** | **Mrs. MERCY DAVID**

*Formerly*

(Head of Dept. of Tamil & Oriental Studies, Mar Ivanios College)

(Science Education Officer –State)

*Called to eternity on*

**31-10-1986** | **23-05-1991**

*Family members :* Satya Oliver & Dr.Oliver James , Manchadivila, Plamood
Dr. David D. Kumar & Sujatha, USA
Er. Rachel SKD & Er. Jasper Lal, Bethels, Statue

## FOURTH ANNIVERSARY IN HEAVEN

### KAMALA REMANI BAI

(02.08.1939- 11.10.2019)



For since we believe that Jesus died and rose again, even so God will also bring with Him through Jesus those who have fallen asleep in death

1 THESSALONIANS 4:14

Fondly remembered by N P Morris (Husband)
Son - Dr. Jean Morris Daughter - Serene Morris, Premula Morris
Daughter-in-Law - Remya Jean
Grandchildren - Jithu P Lal, Regina Roy, Anand Jean

## *In Ever Loving Memory of*





| Sri. Danam (68) | Smt. Gertrude Danam (94) |
| --- | --- |
| (Rtd Teacher) | (Rtd AA Health Service) |

'Christava Nivas', Valiasala, Tvpm.
Called to eternal glory on

| 22-11-1986 | 05-04-2021 |
| --- | --- |

ശിഷ്യത്വത്തിന്റെ പൂർണ്ണത ലഭ്യമാക്കണമെങ്കിൽ നാം കർത്താവിന്റെ ഹിത പ്രകാരം ഫലം പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്. അതിന് ഉതകുംവണ്ണം നമ്മുടെ ജീവിതത്തെ ഏതു രീതിയിൽ ക്രമീകരിക്കണം എന്ന് ഗോതമ്പു മണിയുടെ ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു.

**നിലത്തുവീഴുക:** നല്ല നിറവും ഭംഗിയും പൂർണ്ണതയും നല്ല ആകാരവും ഉള്ളതാണ് ഗോതമ്പ് മണി. പക്ഷേ ആ നിലയിൽ തന്നെ തുടർന്നാൽ അതിൽ നിന്ന് ഒരു ഫലവും ലഭ്യമാകുകയില്ല. എന്നാൽ അത് മണ്ണിൽ വീണ് ചീഞ്ഞ് നശിക്കുമ്പോഴാണ് അതിൽ നിന്ന് മറ്റൊരു ചെടി ഉണ്ടാവുകയും അത് ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നത്. ഫലം പുറപ്പെടുവിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ ഗോതമ്പു മണി നിലത്തു വീണതു പോലെ ആയിരിക്കുന്ന അവസ്ഥയിൽ നിന്നും താഴേക്ക് ഇറങ്ങിവരേണ്ടതാണ്. ഇത് ഫലം പുറപ്പെടുവിക്കുന്നതിനു വേണ്ടിയുള്ള ആദ്യഘട്ടം.

തന്റെ പദവിയിൽ നിന്നും താഴേക്ക് ഇറങ്ങിവന്ന് ഫലകരമാകുന്നതിന് ഏറ്റവും വലിയ ഉദാഹരണമാണ് നമ്മുടെ കർത്താവായ യേശു ക്രിസ്തു. ഫിലിപ്യർ 2:6-9 വരെ ഇപ്രകാരം പറയുന്നു, “അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായി ത്തീർന്നു. അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി”.

യോഹന്നാൻ 17:5-ൽ ഇപ്രകാരം പറയുന്നു : “ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകും മുമ്പേ എനിക്ക് നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ”. ഈ പ്രസ്താവനയിൽ നിന്നും പുത്രന് പിതാവിന്റെ അടുക്കൽ ഉണ്ടായിരുന്ന സ്ഥാനം വ്യക്തമാണല്ലോ. പുത്രൻ ആ പദവിയിൽ നിന്ന് താഴോട്ട് ഇറങ്ങി മനുഷ്യവേഷം ധരിച്ച് നമ്മിൽ ഒരുവനായി നമ്മോടൊപ്പം ആയിരിക്കുകയും മനുഷ്യരാശിയുടെ വീണ്ടെടുപ്പിനായി ക്രൂശിലെ മരണം ഏറ്റുവാങ്ങുകയും ചെയ്തു.

ഈ ക്രിസ്തുവിന്റെ ശിഷ്യന്മാരായിരിക്കാനാണ് ദൈവം നമ്മെ വിളിച്ച് വേർതിരിച്ചിരിക്കുന്നത്. നമ്മുടെ പദവി വിട്ട്, പാരമ്പര്യം വിട്ട്, സ്വയതാത്പര്യങ്ങളെ മരിപ്പിച്ച്, സ്വയത്തെ പൂർണ്ണമായി ത്യജിച്ച് ചത്തു ജീവിക്കുന്നതിനെയാണ് ഗോതമ്പ് മണി നിലത്തു വീഴുക എന്നതിലൂടെ കർത്താവ് അർത്ഥമാക്കുന്നത്. ഗോതമ്പു മണി എപ്പോഴും താഴേക്ക്

വീഴുവാൻ ഒരുങ്ങിയിരിക്കുന്നതുപോലെ നാം ആയിരിക്കുന്ന അവസ്ഥയിൽ നിന്നും താഴോട്ട് ഇറങ്ങിവരുവാൻ മനസ്സുള്ളവരായിക്കണം.

**നിലത്തുവീണ് ചാകുക**

ഗോതമ്പുമണി നിലത്തുവീണ് ചീഞ്ഞ് ചത്തതുപോലെ നാമും നമ്മൾ ആയിരിക്കുന്ന അവസ്ഥയിൽ നിന്നും താഴേക്ക് ഇറങ്ങിവന്ന് നമ്മുടെ അസ്ഥിത്വത്തെ നാം തന്നെ നശിപ്പിക്കണം. ഗലാത്യർ 2:20-ൽ അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം പറയുന്നു "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്". ക്രിസ്തുവിന്റെ ശിഷ്യൻ എപ്രകാരമായിരിക്കണം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഇവിടെ അപ്പൊസ്തലൻ കാണിച്ചു തരുന്നത്.

ഫിലിപ്യർ 3:7-ൽ "എനിക്ക് ലാഭകരമായിരിക്കുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു" എന്ന് പൗലൊസ് പറയുന്നു. ഇവിടെ ശിഷ്യത്വത്തിന്റെ പ്രമാണമായ സ്വയ ത്യാഗത്തിന്റെ ഉദാഹരണമാണ് പൗലൊസ് കാണിച്ചുതരുന്നത്. ക്രിസ്തു ശിഷ്യന് താൻ മരിച്ചവനാണെന്ന ഉത്തമ ബോധം ഉണ്ടായിരിക്കണം. താൻ യഥാർത്ഥത്തിൽ മരിച്ചവനും കുഴിച്ചിടപ്പെട്ടവനും ആകുന്നു.

റോമർ 6:4 ഇപ്രകാരം പറയുന്നു "അങ്ങനെ നാം അവന്റെ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. "ക്രിസ്തു ശിഷ്യൻ മരിച്ച് അടക്കപ്പെട്ടവനാണ്. അതുകൊണ്ട് അവൻ ലോകം, പദവി, ബഹുമാനം എന്നിവ ആഗ്രഹിക്കരുത്. ശിഷ്യന്റെ പരമ പ്രധാനമായ ഉന്നം ഗുരുവിനെപ്പോലെ ആകുക എന്നതാണ്. ക്രിസ്തു ശിഷ്യൻ ക്രിസ്തുവിനെപ്പോലെയാകണം. ഗുരു നടന്നു കാണിച്ചു തന്ന വഴിയിലൂടെ നടക്കണം. ഗുരു പഠിപ്പിച്ച പാഠങ്ങൾ ശിഷ്യൻ അഭ്യസിക്കണം.

നിലത്ത് വീണ് ചത്ത് അഴുകി ഇല്ലാതാകുന്ന ഗോതമ്പ് മണിക്കു മാത്രമേ ഫലം പുറപ്പെടുവിക്കാൻ കഴിയുകയുള്ളൂ. ഗോതമ്പു മണി മണ്ണിൽ വീണ് ഫലകരമാകുന്നതുപോലെ നമ്മുടെ ഗുരുവായ യേശു കർത്താവിനുവേണ്ടി സകലവും ത്യജിക്കുവാനും, മറക്കുവാനും, ക്രൂശിക്കപ്പെടുവാനും ചാകുവാനും നമുക്ക് നമ്മെത്തന്നെ ഏല്പിച്ചു കൊടുക്കാം.

റോമർ 6:4-ൽ നമ്മെ ക്രിസ്തുവിനോടൊപ്പം കുഴിച്ചിടുന്നതിനെപ്പറ്റി പറയുന്നുണ്ട്. എന്നാൽ കുഴിച്ചിടപ്പെടേണ്ടത് നമ്മുടെ ഭൗതിക ശരീരത്തെയല്ല; ജഡത്തിന്റെ പ്രവൃത്തികളെയത്രേ. ജഡത്തിന്റെ പ്രവൃത്തികൾ എന്തെല്ലാമെന്ന് ഗലാത്യർ 5:19-21 വരെയുള്ള വാക്യങ്ങൾ വളരെ വ്യക്തമായി പറയുന്നു.

**പുതുസൃഷ്ടിയാകുക**

റോമർ 6:4-ന്റെ അവസാനഭാഗത്ത് ഇപ്രകാരം പറയുന്നു. "ക്രിസ്തു

മരിച്ചിട്ട് പിതാവിന്റെ മഹിമയിൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ". ഗോതമ്പു മണി ചീഞ്ഞതിനുശേഷം പുതുചെടിയായി മുളച്ച് ഫലം കായ്ക്കുന്നതുപോലെ ക്രിസ്തുവിനോടുകൂടെ കുഴിച്ചിടപ്പെട്ട നാം ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയിൽ ജീവിച്ചെഴുന്നേറ്റതുപോലെ ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതാകുന്നു. ചുരുക്കിപ്പറഞ്ഞാൽ നാം ഒരു പുതിയ സൃഷ്ടിയാകുന്നു. പുതുസൃഷ്ടിയായ നമുക്ക് ജഡത്തിന്റെ പ്രവൃത്തികളെ പൂർണ്ണമായും തൃജിക്കുവാൻ കഴിയണം.

**ഫലം കായ്ക്കുക**

ജഡത്തിന്റെ പ്രവൃത്തികളെ തൃജിച്ചുകളഞ്ഞ് ഒരു പുതുസൃഷ്ടിയായ നമുക്ക് ദൈവം ആഗ്രഹിക്കുന്നതുപോലെ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിയും. നാം ആത്മാവിൽ പുതുസൃഷ്ടിയായി ബലപ്പെടേണ്ടതാണ്. നാം പുറപ്പെടുവിക്കേണ്ട ആത്മാവിന്റെ ഫലങ്ങൾ എന്തെല്ലാം എന്ന് ഗലാതൃർ 5:22 & 23 വാക്യങ്ങളിൽ പറയുന്നു. അവ എന്തെല്ലാം എന്നാൽ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രീയജയം.

ക്രിസ്തുവിന്റെ പൂർണ്ണമായ ശിഷ്യത്വത്തിലേക്ക് പ്രവേശിക്കണമെങ്കിൽ നാം ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. യോഹന്നാൻ 15:16-ൽ ഇപ്രകാരം പറയുന്നു; "നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല. ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം കായിക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവച്ചും ഇരിക്കുന്നു.

'ഫലം കായ്ക്കുക' എന്നത് ദൈവഹിതമാണ്. ഫലം കായ്ക്കാത്തവരോട് കർത്താവ് ഇപ്രകാരം പറയുന്നു 'അതിനെ വെട്ടികളക, അത് നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിന്? (ലൂക്കൊസ് 13:7).

മുപ്പതും അറുപതും മേനി വിളഞ്ഞ് നാം ആശ്വാസം കണ്ടെത്തുകയാണ്. സംതൃപ്തരാവുകയാണ്. എന്നാൽ നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മിൽ നിന്നും 100% മേനി വിളവ് പ്രതീക്ഷിക്കുന്നു. ചിലപ്പോൾ മനുഷ്യരാൽ അത് അസാധ്യമായിരിക്കാം. എന്നാൽ നാം നമ്മെത്തന്നെ ദൈവത്തിന് ഏൽപിച്ചു കൊടുത്താൽ അത് സാധ്യമാണ്. വളരെ ഫലം കായ്ക്കുക എന്നുള്ളത് സാധാരണ ഒരു വിശ്വാസി എന്ന നിലയിൽ നിന്നും കർത്താവിന്റെ ശിഷ്യൻ എന്ന നിലയിലേയ്ക്കുള്ള നമ്മുടെ വളർച്ചയെ കാണിക്കുന്നു.

ഫലം കായ്ക്കാത്ത അത്തിയുടെ അവസ്ഥയിൽ നിന്നു മാറി നമ്മുടെ നാഥനുവേണ്ടി ഫലം കായ്പാനും അവന്റെ ശിഷ്യത്വം പ്രാപിപ്പാനും ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

# MY JOURNEY TO MOUNT NEBO



**Dr. Cinthya Vinu**

"Then Moses climbed mount Nebo form the plains of Moab to the top of Pisgah, across from Jericho” (Deuteronomy 34:1).

Moses the greatest prophet of all times saw the promised land from the top of Mount Nebo, as the Lord had commanded him. Shall we take a moment to close our eyes and visualise Moses standing and earnestly gazing at the promised land. When I imagine a mountain (as an inhabitant of the ‘Gods’ own country), it is green, atleast a few trees, lots of grass and may be a small stream.

**The picture of Mount Nebo in my mind’s eye was totally ripped off by reality when God took me to Mount Nebo in August 2023.** Our family travelled up the Mount Nebo by car on a clear sunny day. The visit to Mount Nebo started off with the road winding up endlessly in front of us and the sun beating down on us mercilessly. On either side of the road, as far as the eye could see, stretched a bare desert. An ocean of yellowish brown sand and bare brown rocky mountains reaching upto the horizon. No trees; not even one to block your view, a few pathes of dry grass was the only vegetation. The heat was unbearable.

The thought that cropped up first in my mind was ‘No wonder the Isralites grumbled, no wonder they kept asking for food & water, what a place!’ Seeing the landsacpe where the Isralites journeyed on foot for 40 years, their destination unknown, was eye opening for me.

Looking into the Bible, the map showing the path of Exodus battled me further. Instead of a straight path from Egypt to Israel, they had taken along winding path wandering in the desert for 40

long years. I couldn't help but ask 'Why Lord? why did you allow your 'own people' to suffer in this cruel landscape'?

Let me share the understanding I received from my creator. When God loves a person, He does not make him lie on a bed of roses; instead He guides and protects his children even if they have to walk on thorns.

**The Isralites walked on this dry barren land with no end in sight. This was a walk of faith, led by the great prophet Moses.**

God was with them all through the way every hour of every day protecting them, feeding them, clothing them and guiding them. He was present with them always making sure that they overcame their struggles and that they reached the land fowing with milk and honey. This walk of faith was set according to God's time scale. It was this steadfast walk perseverance that nourished their deep rooted faith in God and in God's time.

God's guidance and protection are available in the life of any believer. God calls his sons and daughters to walk with Him. That doesnot mean that the path is smooth. However be the path, it does not matter because He is with us always. Our Lord carries us through trials strengthening our faith. He will take us to that destination unknown to us; but to the one He has planned and preserved for us even before we were formed in our mother's womb. No need to hurry; every thing will happen in God's time which is always the right time. The only condition is we have to trust in God and Him alone.

**On top of Mount Nebo today is a church built in memory of Moses.** Though partially destroyed, the church has a serene, quiet, divine atmosohere inside and it was felt wrong even to whisper. The church is surrounded by olive trees. In front of the church is the cliff from where the Holy Land is visible beyond Jericho. There stood Prophet Moses thousands of years ago, gazing at the Holy Land. Thank you Lord for enabling me, unworthy as I am, to set foot on your Mountain to gaze upon your Holy Land.

# M.M. CHURCH CONGREGATION'S VICTORY MARCH TO OWN PROPERTY GOD GAVE US HUNDRED AND FIFTY YEARS AGO !

**Justin Vedasiromony**



We are thankful to the Almighty God who has given us freedom from satan through Jesus Christ our deliverer. After a patient, peaceful fight against satan and his followers for over one year with faith, patience, perseverance and repentance of sins and serious prayer, God has given us freedom at His own appropriate time after reformation of the M.M. Church congregation and the many congregations of the South Kerala Diocese, and many other dioceses of the CSI. It is a real great deliverance for the honest members of the various congregations who have been suffering under the arrogant dictator Bishop/ Moderator and his crooked supporters.

We are thankful to the Almighty God who has delivered us from the clutches of satan and his crooked and arrogant advisors who sucked the blood of the poor, innocent members of the different churches and congregations of the Church of South India. In Isaiah Chapter one verse 23 God says, "Your leaders are rebels and friends of thieves, they are always accepting gifts and bribes. They never defend orphans in court or listen when widows present their case". That has been going on for the past several years when the members of the congregations remained passive without involving actively against the wrong doings of the Bishops and clergy who were arrogant, greedy, crooked and selfish. It resulted in branding those good clergy and others who did not co-operate with the wrong doings of the crooked, greedy, selfish and arrogant Bishops, they were wrongly punished by the arrogant Bishops.

The members of the M. M. Church realized the seriousness of the problem only on 29th April 2022 when the arrogant Bishop/ Moderator with the help of goons, police and the dirty politicians

created great damage to the one hundred and twenty years old MM Church building and other facilities in the MM Church compound, drove away the church congregation and made false police cases against a few of the innocent church members. The Bishop/Moderator thus forced the MM Church congregation to file court cases against him and his trusted crooked and greedy advisers.

**The LMS Missionaries who came from 1806 onwards to Travancore and emancipated us from the existing dirty slavery system and made us a people with dignity were not Anglicans. We therefore do not want the symbol "Cathedral" of the Anglicans to our MM Church building which was built by the good Congregational Missionaries and the emancipated people of Trivandrum in 1900 AD. Nobody can put the name Cathedral on the MM Church building and force us to accept it.** As shown by Jesus Christ, we try to love others as ourselves, and help the poor, needy, old and neglected people in the society, etc. We need only the good shepherds to lead us in feeding God's word. We do not need dirty administrators to squeeze the poor members of the congregation and make them new slaves to the Bishops. We need real repentance by all, including the Bishops and clergy, and reformation in the CSI for the glory of God!

This is the day of the Lord's victory, let us be happy and celebrate. Let us give thanks to God. (Psalms 118). I humbly request the new Bishops of the CSI Dioceses and the Moderator/Deputy Moderator, etc., to learn to receive their salaries and do their duties honestly as good spiritual shepherds instead of creating problems in the dioceses with greed and arrogance. Let them learn to serve the congregations as Jesus Christ showed, without entering into dirty politics with the companionship of dirty politicians, etc. They must learn to be servant leaders, serving the members of the congregations as Jesus Christ showed. God will not let the dishonest Bishops and clergy to lead a peaceful and blessed life in this world in their old age! Let the Synod officials also learn to do their duties honestly fearing God!

# പരിമിതികൾ പരാജയമല്ല



വത്സ ഡി. എസ്.

ഒരിക്കൽ ഒരു വൃത്തം യാത്ര ചെയ്യാനാരംഭിച്ചു. യാത്രയിൽ വൃത്തത്തിന്റെ മധ്യഭാഗം മുതൽ പാർശ്വം വരെ ത്രികോണാകൃതിയിൽ ഉള്ള ഒരു കഷണം നഷ്ടപ്പെട്ടു. എന്നാൽ നഷ്ടമായതിനെ തേടിക്കണ്ടെത്തി തന്റെ ശരീര ഭാഗം പൂർണമാക്കി യാത്ര തുടരാൻ ആഗ്രഹിച്ച വൃത്തത്തിന് അത് സാധ്യമായില്ല. എന്നാലും തന്റെ തീവ്രശ്രമത്തിന്റെ ഭാഗമായി ഉരുണ്ടുരുണ്ട് നീങ്ങുന്ന വൃത്തത്തിന്റെ തി മന്ദമായിരുന്നു. കാലിനു വൈകല്യം ബാധിച്ചവർ നടക്കുന്നതു പോലെ മന്ദം മന്ദം നടന്ന വൃത്തത്തിന് യാത്രയിൽ ചിലതൊക്കെ കാണാൻ സാധിച്ചു. വഴിയരികെയുള്ള ചെറിയ പൂക്കളും പച്ചിലകളും കുഞ്ഞുപുഴുക്കളും വേഗമേറിയ ജീവിതത്തിൽ ഒരിക്കലും ശ്രദ്ധിക്കപ്പെടാതെ പോയ ചെറിയ പൂക്കളും ഭംഗിയേറിയ പുൽച്ചെടികളും വിവിധതരം ഉറുമ്പുകൾ. പുഴുക്കൾ ഇവയൊക്കെ വൃത്തത്തിന് കാണാൻ സാധിച്ചു. വൃത്തം അവയൊക്കെയുമായി കുശല പ്രശ്നം നടത്തി. ഓരോ ദിവസവും ആഹ്ലാദ പൂർണമാക്കി യാത്ര ചെയ്തു. വഴിയരികിൽ ധാരാളം വൃത്തഭാഗങ്ങളെ കണ്ടെത്തിയെങ്കിലും അവയൊന്നും വൃത്തത്തെ പൂർണതയിൽ എത്തിച്ചില്ല. കുറെക്കാലം കഴിഞ്ഞ് തനിക്ക് നഷ്ടമായ ഭാഗം തിരികെ കിട്ടി. ഇന്ന് വൃത്തം പൂർണമാണ് എന്നാൽ മുൻപ് അനുഭവിച്ച് വന്ന സന്തോഷങ്ങൾ നഷ്ടപ്പെടുന്നതു പോലെ തോന്നി.

നമ്മിൽ പലരും ആ വൃത്തത്തെപ്പോലെയല്ലേ. നമ്മിൽ പലരും ചില കാര്യങ്ങളിലെങ്കിലും അപൂർണരാണ്. എന്നാൽ ആ അപൂർണതയിൽ മനസ് തളരാതെ ബലഹീനതയിൽ ബലം നൽകുന്ന കാരുണ്യവാനായ ദൈവത്തിന്റെ കരങ്ങളിൽ പിടിച്ചു കൊണ്ട് യാത്ര ചെയ്യുമ്പോൾ മറ്റൊരിക്കലും അനുഭവിക്കാനാവാത്തവ അനുഭവിച്ച് സന്തോഷമായി പൂർണതയെ തേടി യാത്ര ചെയ്യാം.

"അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമേയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നുവെങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കണം" (2 കൊരി. 4:16).

സ്വന്തം പോരായ്മകളെക്കുറിച്ച് ചിന്തിച്ച് ആത്മധൈര്യവും നഷ്ടപ്പെടുത്താതിരിക്കുക. അതുപോലെ മറ്റുള്ളവരുടെ ആത്മവിശ്വാസവും,

ധൈര്യവും നഷ്ടപ്പെടുത്താതെ ബലഹീനരെ ചേർത്തു പിടിക്കാനുള്ള കർത്തവ്യവും ക്രിസ്തുവിനെ മാതൃകയാക്കിയവരുടെ ചുമതലയാണ്. നമ്മുടെ വാക്ക്, പ്രവൃത്തി ഇവയൊന്നും മറ്റുള്ളവരുടെ ആത്മവിശ്വാസം നശിപ്പിക്കുന്ന തരത്തിലാവരുത്. ഓരോ വ്യക്തിയിലും ഉള്ള നല്ല ഭാവങ്ങൾ കണ്ടെത്താൻ നമുക്കു കഴിയണം.

നമ്മുടെ പരിമിതികൾ നമുക്കു തിരിച്ചറിയാനും, എന്നാൽ ഏതു സാഹചര്യത്തിലും സധൈര്യം മുന്നോട്ടു പോകാനുള്ള കരുത്താണ് നമുക്കാവശ്യം. നമ്മിൽ പ്രവർത്തിക്കുന്ന ശക്തി നാം ചോദിക്കുന്നതിലും നിനക്കുന്നതിലും കൂടുതൽ ചെയ്യാൻ കഴിവുള്ളവനാണ് എന്ന ബോധ്യം നമ്മെ പൂർണതയിലേക്ക് അടുപ്പിക്കുന്നു. “എന്റെ കൃപ നിനക്ക് മതി” എന്ന് പൗലോസിനോട് പറഞ്ഞ അതേ വാക്ക് ഇന്നും നമ്മോടു സംസാരിക്കുന്നു.

അതിനാൽ പരിമിതികൾ, നഷ്ടങ്ങൾ ഒന്നും പരാജയമല്ല. അകമെയുള്ളവനെ ശക്തിപ്പെടുത്തി പൂർണതയിലേക്കു യാത്ര ചെയ്യാം. ദൈവകൃപയിൽ വിശ്വാസമർപ്പിച്ച് പരാജയപ്പെടാത്ത കരങ്ങൾ യഥാസമയം നമുക്കായി നീട്ടപ്പെടുമെന്ന് നാം ഓർക്കണം. ചില പുതിയ പാഠങ്ങൾ, അനുഭവങ്ങൾ നമ്മുടെ ജീവിതത്തിന്റെ പൂർണതയ്ക്ക് സഹായകമാകും.

“ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നെ” (യെശയ്യാവ് 48:17).

## Like a Water Fountain

**A Water Fountain** is a great place to go when you’re thirsty. You can push a button or turn a knob and water squirts from the spout. The water doesn’t stop until you turn it off.

Did you know that people who love Jesus are like water fountains? We don’t have buttons or knobs, but Jesus said that ‘‘living water’’ will flow out of us. The living water is God’s Holy Spirit, who comes into our lives when we believe in Jesus.

Jesus was in Jerusalem celebrating a special event called the Feast of Shelters. On the last day of feast, the Jews would take water from a well and pour it out before God. On this day, Jesus shouted to the crowd, ‘‘Anyone who is thirsty may come to me! Anyone who believes in me may come and drink! For the Scriptures declare, ‘Rivers of living water will flow from his heart’’.

# അഖില ലോക സണ്ടേസ്കൂൾ ദിനം

*കർത്താവിൽ പ്രിയമുള്ള കുട്ടികളേ,*

*നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എല്ലാവർക്കും സ്നേഹവന്ദനം.* ***2023 നവംബർ 5-ാം തീയതി ഞായറാഴ്ച നാം സണ്ടേസ്കൂൾ ഞായർ – (ക്രിസ്തീയ വിദ്യാഭ്യാസ ഞായർ) ആചരിക്കുന്നു.*** *ചിന്താവിഷയം ആയി തിരഞ്ഞെടുത്തിരിക്കുന്നത് 'നിങ്ങളെ തന്നെ ശോധന ചെയ്യുവിൻ' അഥവാ 'സംഗതികളെ ശോധന ചെയ്യുവിൻ' (2 കൊരി. 13:5). ഒരു കൊച്ചു കുഞ്ഞിന്റെ വളർച്ചയുടെ നാളുകളിൽ വീണ്ടും എഴുന്നേറ്റും, കരഞ്ഞും, ഇഴഞ്ഞും ഒക്കെയാണല്ലോ ജീവിതത്തിൽ ഓരോ ഘട്ടവും പിന്നിടുന്നത്. ഒടുവിൽ ഈ ബാലാരിഷ്ടതകളിൽ നിന്ന് മോചനം പ്രാപിച്ച് ഒരു പൂർണ മനുഷ്യൻ ആകുന്നത് പോലെയാണ് നമ്മുടെ വിശ്വാസ പ്രയാണവേളയിൽ വിശ്വാസത്തിന്റെ ഏറ്റക്കുറച്ചിലുകൾ ഉപദേശിക്കുന്നത്. ഒരു വിശ്വാസി പൈതൽ തന്നെത്തന്നെ ശോധന ചെയ്യാതെ ജീവിച്ചാൽ നിരവധി പ്രശ്നങ്ങൾ അവൻ മൂലം ഉണ്ടാകും.*

*യോഹന്നാൻ സ്നാപകൻ പറഞ്ഞു : "അവൻ വളരേണം, ഞാനോ കുറയേണം" (യോഹ. 3:30). ഒരുവൻ തന്നെത്താൻ ശോധനകഴിക്കുമ്പോൾ കിട്ടുന്ന റിസൽട്ടാണ് ഈ അനുഭവം. ഡോ. ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞു, ആരോഗ്യത്തിന് വിറ്റാമിൻ എ,ബി, സി,ഡി ഇങ്ങനെ പലതും ആവശ്യമുണ്ട്. എന്നാൽ താൻ കണ്ടുപിടിച്ച വിറ്റാമിൻ 'ഐ' മനുഷ്യനിൽ വർഷന്തോറും അയാൾക്ക് പ്രശ്നമാണ്. നേരെ മറിച്ച് 'ഐ' എത്രയധികം കുറയുന്നുവോ അത്ര അധികം ആ വ്യക്തിയിൽ നന്മയും അനുഗ്രഹങ്ങളും വർദ്ധിക്കും.*

*ഒരു പണ്ഡിതൻ പറഞ്ഞു: 'ഞാൻ', 'എന്റേത്' എന്ന വാക്കുകൾ അജ്ഞതയേയും 'നീ', 'നിന്റേത്' എന്നീ വാക്കുകൾ വിജ്ഞാനത്തേയും പ്രകടിപ്പിക്കുന്നു. സ്വർണ്ണം തീയിൽകൂടി ശോധന കഴിക്കുമ്പോൾ കൂടുതൽ മൂല്യം ഉള്ള ഉരുപ്പടി ആകുന്നതുപോലെ നമുക്കും ഈ നാളുകളിൽ ദൈവസന്നിധിയിൽ ശോധന കഴിച്ച് മൂല്യബോധമുള്ള വിശ്വാസജീവിതം നയിപ്പാൻ ദൈവം നമ്മെ സഹായിക്കട്ടെ.*

**കുട്ടികളുടെ അങ്കിൾ**

## സണ്ടേസ്കൂൾ പ്രസ്ഥാനം

റോബർട്ട് റെയ്ക്സ് എന്ന പത്രാധിപർ ഇംഗ്ലണ്ടിൽ 243-ലധികം വർഷം മുൻപ്, അതായത് 1780-ൽ ആരംഭിച്ച വേലയാണ് സൺഡേ സ്കൂൾ പ്രസ്ഥാനം. ഫാക്ടറി ജോലിയിൽ ഏർപ്പെട്ടിരുന്ന കുട്ടികൾ ഞായറാഴ്ച വിനോദത്തിലും അധാർമ്മിക പ്രവ്ത്തനങ്ങളിലും സമയം ചെലവാക്കി. പൊതുസ്ഥലത്ത് പ്രസംഗിച്ച റെയ്ക്സിനെ പരിഹസിക്കുകയും ചെളിവെള്ളം തെറിപ്പിച്ച് അപമാനിക്കുകയും ചെയ്തു. “കിം” എന്ന സ്ത്രീയുടെ സഹായത്താൽ അവരുടെ വീട്ടിൽ ഈ കുട്ടികളെ വിളിച്ചുവരുത്തി ശുചിത്വവും, പൗരബോധവും, എഴുത്തും, വായനയും പഠിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. ദൈവവചനവും അവർക്കു നൽകി. കുട്ടികൾക്ക് സമ്മാനങ്ങളും, പ്രാരംഭത്തിൽ അദ്ധ്യാപകർക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകിയിരുന്നു. 1808-ൽ അഖിലലോക തലത്തിൽ ഈ പ്രസ്ഥാനം വളർന്നു. 1876 മുതൽ ഇൻഡ്യയിൽ അലഹബാദിലും പിന്നീട് കുന്നൂരും കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 1880-ൽ കേരളത്തിൽ മല്ലപ്പള്ളി ആംഗ്ലിക്കൻ സഭയിൽ ആർച്ച് ഡീക്കൻ ഉമ്മൻ മാമ്മൻ അച്ചന്റെ നേതൃത്വത്തിൽ ഇൻഡ്യാ സണ്ടേസ്കൂൾ പാഠപദ്ധതി ഉപയോഗിച്ച്, സണ്ടേസ്കൂൾ ക്രമീകൃതമായി ആരംഭിച്ചു. ഇന്ന് കേരളത്തിൽ 3 ലക്ഷത്തിൽ അധികം കുഞ്ഞുങ്ങൾ സണ്ടേസ്കൂളുകളിൽ പഠിച്ചുവരുന്നു.


തിരുവിതാംകൂറിന്റെ തെക്കൻ പ്രദേശങ്ങളിൽ എൽ.എം.എസ്സ്. മിഷണറിമാർ “ചോദ്യോത്തരമാല” എന്ന ക്രമീകരണത്തിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. കൂടാതെ വേദമാണിക്യം എന്ന ഭക്തൻ വേദകഥകൾ പാട്ടുകളായി രചിച്ച് കുട്ടികൾക്ക് പ്രയോജനകരമായി പ്രസിദ്ധീകരിച്ചു.

## CROSSED JORDAN TO BE WITH THE LORD

| Family No 2241 | **JEAN PAUL S.**<br>PRS Flats, Pandits Colony, Kowdiar,<br>Trivandrum<br>Died on : 29-10-2023 |  |
|---|---|---|

# CROSSWORD PUZZLE - 8

*Compiled by* **PREMCHAND JOHNSON**




**Down**

1. '..by the .....of they face thou shalt eat- Gen 3:19 (5)
3. .......is next to godliness (10)
5. Distress call words (3)
6. .....gas - nitrous oxide (8)
7. Rest in peace (3)
9. Blood get its red color because of this elment: (4)
11. Nativity scene character (5)
12. An optical illusion caused by a hot road or desert (6)
15. Planet named after greek messenger of gods: hermes (7)

**Across**

1. 'The cross and the ............'biography by Rev. David Wilkerson (11)
2. The star in the .....Which appeard to the magi (4)
3. Isrezal was known as .... In the Bible (6)
4. The meal referred to as 'brainfood' (9)
7. ..Group mammals which has two sharp insicors (7)
8. Land coverd by water on 3 sides (9)
10. He wrote the book leviticus (5)
13. Presence of moisture in the air (8)
14. What Ruth did in the field of Boaz-Ruth 2:3 (5)
15. Capital of Russia (6)
16. Last of the 5-course dinner (7)

NB : Find answers to this crossword puzzle in the next issue. Clues are both from the Bible and General Knowledge. Whatsapp your answer to 9447018118

**Answers To Crossword 7** :

1) Camel
2) Jupiter
3) Icebergs
4) Raamah
5) Amazing
6) Diamond
7) Kathakali
8) Maize
9) Sheik
10) Speedbreakers
11) Pork
12) Heart
13) Nettle
14) Saudi Arabia
15) Indigo
16) Goatee
17) Kilogram
18) Mushroom
19) Plants
20) Oval

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the Epistle written by James and First epistle by Peter. Kindly, read these ten chapters before attempting the quiz.The reading portioncontains some very important teachings on how a Christian should be in this world.

Please substantiate your answers by stating references (verse) from the Bible.

The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before **November 25** ththrough email at churchvoicequiz@gmail.com

Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.
After taking a photo make sure that the answers are readable before sending it.
Email is the only mode of communication.

*Email is the only mode of communication.*
*The Bible Quiz can be downloaded every month using the URL https://drive.google.com/drive/folders/1pYmyeEtOmltbG8DehtPcI5SUSxux-6zs*
*You can also scan the QR code to go to the link.*

1. What should we do with the gifts we have received?
2. Whose prayer is powerful and effective?
3. What did Sarah call Abraham?
4. If anyone lacks wisdom what should he do?
5. What is a restless evil, full of deadly poison?
6. Who becomes an enemy of God?
7. How were we purified so that we have sincere love for our brothers?
8. What happens to faith without deeds?
9. Who prowls around like a roaring lion?
10. What have we tasted?

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*

The correct answers to the quiz from Hebrews 4-13

1. Jesus (Heb. 12:2)
2. Melchizedek (Heb. 5:10)
3. David (Heb. 4:7)
4. Have our hearts sprinkled (Heb. 10:22)
5. The law (Heb. 7:28)
6. Those who have once been enlightened, who have tasted the heavenly gift, who have shared in the Holy Spirit, who have tasted the goodness of the word of God and the powers of the coming age, and then fallen away (Heb. 6:4-6)
7. Egypt (Heb. 8:9)
8. Moses (Heb. 11:25)
9. Blood (Heb. 9:22)
10. Entertain strangers, do good and share with others. (Heb. 13:1,16)

List of people who had submitted the right answers will be published in the next edition, sorry for the inconvenience.

# ബൈബിൾ ക്വിസ്സ് - മലയാളം പരിഭാഷ

**നവംബർ 2023**

**യാക്കോബ്, 1 പത്രൊസ്**

1. നമുക്ക് ലഭിച്ച വരങ്ങളെക്കൊണ്ട് എന്ത് ചെയ്യണം?
2. ആരുടെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥനയാണ് വളരെ ഫലിക്കുന്നത്?
3. സാറാ അബ്രഹാമിനെ എന്താണ് വിളിച്ചിരുന്നത്?
4. ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ എന്തു ചെയ്യണം?
5. എന്താണ് അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞതു?
6. ആരാണ് ദൈവത്തിന്റെ ശത്രുവായി തീരുന്നത്?
7. എങ്ങനെയാണ് നമ്മുടെ ആത്മാക്കളെ നിർവ്യാജമായ സഹോദര പ്രീതിക്കായി നിർമ്മലീകരിച്ചത്?
8. പ്രവർത്തിയില്ലാത്ത വിശ്വാസത്തിനു എന്ത് സംഭവിക്കുന്നു?
9. ആരാണ് അലറുന്ന സിംഹം എന്നപോലെ തിരഞ്ഞു ചുറ്റി നടക്കുന്നത്?
10. എന്താണ് നാം ആസ്വദിച്ചിട്ടുള്ളത്?

## Annual Thanksgiving Service 2023

### ആദരിക്കുന്നു

2023 ഡിസംബർ മാസം ആദ്യ ഞായാഴ്ച നടക്കുന്ന വാർഷിക സ്തോത്ര ആരാധനയിൽ ഈ വർഷം ഔദ്യോഗിക - സാമൂഹിക മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചവരേയും, വിവിധ ബോർഡ്, യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നതവിജയം നേടിയവരേയും ആദരിക്കുന്നു. ഇതിന് അർഹരായ സഭാംഗങ്ങൾ തങ്ങളുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പും പാസ്സ്പോർട്ട് സൈസ് ഫോട്ടോയും നവംബർ 12-നു മുമ്പായി ഏൽപ്പിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ പകർപ്പിന്റെ പുറകിൽ കുടുംബ നമ്പർ, മേൽവിലാസം, ഫോൺ നമ്പർ എന്നിവ എഴുതേണ്ടതാണ്.

Convenor

## 7th Death Anniversary

**(07-10-2023)**

*In ever Loving memory of*



# A. DAVIDSON

(Rtd. Deputy Director, ESI Corporation)

***We miss your presence every day***

Inserted by wife : Juliet Davidson,
Children, Grandchildren and Great Grandchildren

*In ever Loving memory of*



**C. PUNNEN**

Former Deacon of M M Church,
Rtd Asst. Commissioner of Sales Tax, Tvpm.

**V. GRACE AMMA**

Rtd. Head Mistress,
GGHS, Karamana, Tvpm

Grace Field, Kannammoola, Tvpm
Departed to Heavenly abode on

31-10-1999 06-09-2010

*'I have fought a good fight, I have finished my course,*
*I have kept the faith; hence or fath there is*
*laid up for me a crown of righteousness'*
*In our hearts forever.*

*Sorrowing family*

## FOURTH DEATH ANNIVERSARY
**8-11-2023**

*In Ever Loving Memory of*



## PROF. C. JOSE DAVIDSON
Sharon, Chempaka Nagar, Bakery Junction, TVPM

***"Those we love don't go away,***
***they walk beside us every day;***
***unseen, unheard, but always near,***
***still loved, still missed and very dear".***

*Prof. N. S. Nesakumari*
*Dr. Felcy Priya, Er. C. L. Lal, Nithin & Naveen*
*Dr. Deepak, Prof. Twinkle, Rohit & Ryan*
*Dr. Preethi, Er. C. Edwin, Noel & Lena*